**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4850** **13-03-2023 - ൽ മറുപടിയ്ക്ക്**

**സംയോജിത മത്സ്യവികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പിലാക്കുന്ന സംയോജിത മത്സ്യവികസന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ? | (എ) | ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി) വഴി മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്ക് ആവശ്യമായ വായ്പ, സംഘങ്ങൾക്ക് ഓഫീസ് കം ഗോഡൗൺ, മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം എന്നിവയ്ക്കുള്ള വായ്പ, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന വായ്പ എന്നിവ നൽകി വരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്. ഇതിനായുള്ള പലിശ സബ്സിഡി സർക്കാർ അനുവദിച്ചു വരുന്നു. 1985 മുതൽ നാളിതുവരെ 21 പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു. 22-ാം പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. 23-ാം പദ്ധതി ശുപാർശ ചെയ്ത് എൻ.സി.ഡി.സി- ക്ക് സമർപ്പിച്ചിട്ടുണ്ട്.<br><br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യത്തിന് ന്യായ വില ഉറപ്പാക്കുവാൻ സംഘങ്ങൾ തീരദേശ ലേലം നടപ്പിലാക്കിവരുന്നു. 230 സംഘങ്ങൾ തീരദേശ ലേലം നടപ്പിലാക്കുന്നുണ്ട്. 36000 ഗുണഭോക്താക്കൾ ലേലത്തിൽ പങ്കെടുക്കുന്നുണ്ട്. 2021-22 വർഷം 323.62 കോടി രൂപയുടെ മത്സ്യം ലേലം ചെയ്തു. 2022-23 വർഷം |

| | | | |
|---|---|---|---|
| | | | 31/01/2023 വരെ 398.84 കോടി രൂപയുടെ മത്സ്യം ലേലം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ